# 88. കാമിൽ ബുൽക്കേ

'യത്ര യത്ര രഘുനാഥകീർത്തനം
തത്ര തത്ര ധൃതമസ്തകാഞ്ജലി,
ബാഷ്പവാരി പരിപൂർണലോചനം
മാരുതിം നമത രാക്ഷസാന്തകം.'

രാമനെപ്പററി പറയുന്നിടത്തെല്ലാം തൊഴുകൈ തലയിൽ വെച്ചും കണ്ണുകളിൽ കണ്ണീർ നിറഞ്ഞും ഹനുമാൻ നിലക്കൊള്ളുന്നുണ്ടാവുമെന്നാണ് ഭക്തന്മാരുടെ വിശ്വാസം. ഉത്തരേന്ത്യയിൽ ഈ വിശ്വാസത്തിന് അടുത്ത കാലത്തു് കുറച്ചൊരു മാററം സംഭവിച്ചിട്ടുണ്ട്. നീണ്ട ചടച്ച് അല്പം അകത്തോട്ടു വളഞ്ഞു്, നീലക്കണ്ണുകളും വെള്ളത്താടിയുമുള്ള ഒരു യൂറോപ്യൻ പാതിരിയെയാണ്, രാമകഥാഖ്യാനങ്ങളോടനുബന്ധിച്ച് ഹനുമാന്റെ സ്ഥാനത്തു് ഇപ്പോൾ ഹിന്ദി ഭാഷക്കാർ ഉൾക്കണ്ണിൽ കാണുന്നതു്. തന്റെ ജീവിതത്തിലെ നാലു പതിററാണ്ടുകളോളം രാമായണപഠനത്തിനു സമർപ്പിക്കുകയും, 'രാമകഥ' എന്ന വിശ്രുതമായ ഗവേഷണഗ്രന്ഥം രചിക്കുകയും, നിരന്തരങ്ങളായ പഠന മനനങ്ങളിലൂടെ ഹിന്ദിയിലെ തുളസീദാസ രാമായണവുമായി താദാത്മ്യം നേടുകയും ചെയ്ത ഈ പുരോഹിതന്റെ പേരാണ് കാമിൽ ബുൽക്കേ, ആധുനിക ഹിന്ദി പണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്ന ബുൽക്കേ, ഇക്കഴിഞ്ഞ ആഗസ്റ്റ് 17-ാം തീയതി ദില്ലിയിൽ വെച്ച് എഴുപത്തിമൂന്നാം വയസ്സിൽ ഹൃദ്രോഗംമൂലം നിര്യാതനായി.

ബെൽജിയത്തിൽ ഫ്ളാൻഡേഴ്സ് പ്രദേശത്തു ജനിച്ച ബുൽക്കേ ഒരു എൻജിനീയർക്കുവേണ്ട വിദ്യാഭ്യാസം നേടി. ചെറുപ്പത്തിൽത്തന്നെ ജെസ്യൂട്ട് പാതിരിയായിത്തീർന്ന അദ്ദേഹം മതപ്രചാരണത്തിനുവേണ്ടി നാല്പത്തേഴു വർഷം മുമ്പ് ഇന്ത്യയിലെത്തി. ഇന്ത്യയിൽ മതപ്രബോധനം നിർവഹിക്കുന്ന ഒരു പുരോഹിതൻ ഇന്ത്യൻ ഭാഷകൾ അറിഞ്ഞേ മതിയാവൂ എന്ന് അദ്ദേഹം കരുതി. അങ്ങനെ അദ്ദേഹം ഹിന്ദിയും സംസ്കൃതവും പഠിക്കാൻ തുടങ്ങി. 1940-കളിൽ പ്രയാഗ് വിശ്വവിദ്യാലയത്തിലെ ഹിന്ദി പ്രഫസർ ആയിരുന്ന ഡോ. ധീരേന്ദ്രവർമയുടെ കീഴിൽ ബുൽക്കേ രാമായണം സംബന്ധിച്ച ഗവേഷണങ്ങളിലേർപ്പെട്ടു. ഡി. ഫിൽ. ബിരുദം നേടിയ ശേഷവും, 'രാമകഥ'യുടെ രണ്ടു പതിപ്പുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടും, ഈ ഗവേഷണങ്ങൾ അദ്ദേഹം കൈവിട്ടില്ല. മരണംവരെ അദ്ദേഹം രാമായണഗവേഷണത്തിൽ വ്യാപൃതനായിരുന്നു. ഓരോ ആണ്ടിലും ഒരുതവണ തുളസീദാസരാമായണം ആദ്യന്തം പാരായണം ചെയ്യുകയെന്നതു് അദ്ദേഹത്തിന്റെ വ്രതമായിരുന്നു.

വേദങ്ങളെ പരമപ്രമാണങ്ങളായി അംഗീകരിക്കുന്നുണ്ടെങ്കിലും, ആധുനിക ഹിന്ദുമതം യഥാർത്ഥത്തിൽ രാമായണം, മഹാഭാരതം, ശ്രീമദ് ഭാഗവതം എന്നീ മൂന്നു മഹാഗ്രന്ഥങ്ങളുടെ സൃഷ്ടിയാകുന്നു. രാമായണ-മഹാഭാരതങ്ങളെ ഇതിഹാസങ്ങളായാണ് ഭാരതീയർ പരിഗണിക്കുന്നതു്. ഇതിഹാസമെന്നാൽ ചരിത്രം. യഥാർത്ഥത്തിൽ നടന്ന സംഭവങ്ങളാണ് ഈ ഇതിഹാസങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നതെന്ന് വിശ്വസിക്കുന്നവരത്രേ ഇന്ത്യക്കാരിൽ ഭൂരിഭാഗവും. അതെങ്ങനെയായിരുന്നാലും, എക്കാലത്തും ഉത്തമജീവിതം നയിക്കുന്നതിനു വേണ്ട നിർദേശങ്ങളും, ജീവിതത്തിലെ എല്ലാ തലങ്ങൾക്കും അവസ്ഥാഭേദങ്ങൾക്കും പററിയ ഉത്കൃഷ്ടമാതൃക

കളം, ഏതു പരീക്ഷണങ്ങളിലും ധർമസങ്കടങ്ങളിലും പ്രമാണമാക്കാവുന്ന ധർമോപദേശങ്ങളും ഈ ഇതിഹാസങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്ന കാര്യത്തിൽ ഭാരതീയർ ഏറെക്കുറെ ഏകാഭിപ്രായക്കാരാണ്. പുരാണമെന്ന വാക്കിന് 'പഴയതു്' എന്നേ അർത്ഥമുള്ളൂ. ഭാഗവതം ഒരു പുരാണമാണ്, പക്ഷേ, അതു മഹാഭാരതമാകുന്ന മഹാവൃക്ഷത്തിന്റെ ഒരു ശാഖ മാത്രമാകുന്നു.

മഹാഭാരതംപോലെ ഒരു ഇതിഹാസം മാത്രമല്ല രാമായണം. അതു് ഇന്ത്യയിലെ ആദ്യത്തെ കാവ്യംകൂടിയാണ്. രാമായണം നിർമിച്ചതു് വാല്മീകിയാണെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല. പക്ഷേ, വാല്മീകി രാമായണ കർത്താവു മാത്രമല്ല, രാമായണത്തിലെ ഒരു മുഖ്യ കഥാപാത്രംകൂടിയാണ്. രാമൻ കാട്ടിൽ കളഞ്ഞ സീതയുടെ രക്ഷിതാവായിരുന്നു വാല്മീകി. ഒരു ആദർശപുരുഷന്റെ ചരിത്രം വർണിക്കുവാനാണ് വാല്മീകി രാമായണമെഴുതിയതെങ്കിലും, യഥാർത്ഥത്തിൽ അദ്ദേഹത്തെ അതിനു പ്രചോദിപ്പിച്ചതു് സീതയുടെ ദുഃഖാനുഭവങ്ങളായിരുന്നു. 'സീതായാശ്ചരിതം മഹൽ' ആണ് രാമായണമെന്നു് കാരുണികനായ കവി സ്വയം പ്രഖ്യാപിച്ചിട്ടുമുണ്ട്.

വാല്മീകിയുടെ ഈ കൃതി ഇന്ത്യയുടെ ദേശീയേതിഹാസമായിത്തീരാൻ താമസമുണ്ടായില്ല. ഇന്ത്യയിലെ ഓരോ ജനവിഭാഗവും തങ്ങളുടെ സവിശേഷമായ ജീവിതവീക്ഷണം ആവിഷ്കരിക്കാൻ രാമകഥയെ പ്രയോജനപ്പെടുത്തി. ബുദ്ധമതക്കാർക്കു് 'രാമപണ്ഡിതൻ' ബുദ്ധന്റെ ഒരു പൂർവജന്മമായിരുന്നു. രാമലക്ഷ്മണന്മാരുടെ കഥയെ ആധാരമാക്കി ജൈനമത തത്ത്വങ്ങൾ വിശദീകരിക്കുന്ന കൃതികൾ ഒട്ടുവളരെയുണ്ട്. ഹിന്ദുമതത്തിൽതന്നെ, അദ്വൈതം, ദ്വൈതം, വിശിഷ്ടാദ്വൈതം മുതലായ വ്യത്യസ്ത ദർശനങ്ങളുടെ ആചാര്യന്മാരെല്ലാം സ്വന്തം വീക്ഷണങ്ങൾക്കനുസൃതമായി രാമകഥയെ പുനഃസൃഷ്ടിച്ചിട്ടുണ്ട്. പ്രാചീനങ്ങളും ആധുനികങ്ങളുമായ ഭാരതീയ ഭാഷകളിലെല്ലാമുണ്ട്. സമ്പന്നമായ ഒരു രാമസാഹിത്യവിഭാഗം. സംഗീതം, അഭിനയം, ആലേഖ്യം, വാസ്തുശില്പം അങ്ങനെ ഇന്ത്യയിലെ എല്ലാ കലകളിലും രാമകഥ നിറഞ്ഞുനില്ക്കുന്നു. ഇന്ത്യക്കു പുറത്തു് സിലോൺ, ബർമ, ഇൻഡോനേഷ്യ, മലയ, തായ്‌ലാൻഡ്, കംബോഡിയ, വിയററ്നാം മുതലായ രാജ്യങ്ങളിലും രാമകഥ ഏറിയോ കുറഞ്ഞോ പ്രചരിച്ചിട്ടുണ്ട്. ജപ്പാനും ചൈനയും രാമകഥയുടെ സ്വാധീനത്തിൽനിന്നു വിമുക്തമല്ല. ഫിലിപ്പീൻസിലെ കാടുകളിലെ നിരക്ഷരമായ ഒരു മുസ്ലിം ഗോത്രത്തിനുകൂടിയുണ്ട് അവരുടേതായ ഒരു രാമായണം. ഇന്ത്യയിലെ ആദിവാസികൾ, ഹരിജനങ്ങൾ മുതലായവർക്കിടയിലും അതാതു വിഭാഗത്തിന്റെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുമാറു് രാമകഥയുടെ പാഠഭേദങ്ങൾ പ്രചരിച്ചുവരുന്നു. ദേശീയമെന്നപോലെ അന്താരാഷ്ട്രീയവുമാണ് രാമകഥ. മനുഷ്യസംസ്കാരത്തിന് ഇന്ത്യ നൽകിയ സംഭാവനകളിൽ മികച്ച ഒന്നു് രാമകഥയത്രേ.

രാമകഥയുടെ ഈ വ്യാപ്തി നമുക്കു വെളിപ്പെടുത്തിത്തന്ന ഗവേഷകരിൽ പ്രമുഖൻ കാമിൽ ബുൽക്കേയാണ്. വ്യാപ്തിയോടൊപ്പം, അതിന്റെ ആഴത്തിലേക്കും അദ്ദേഹം പ്രവേശിക്കാതിരുന്നിട്ടില്ല. നാലു് ആയിരത്താണ്ടുകളോളം ഇന്ത്യയിലേയും പരിസര രാജ്യങ്ങളിലേയും ജനകോടികളുടെ സത്യ-സൗന്ദര്യ-ധർമഭാവനകളെ പ്രചോദിപ്പിക്കാൻ ഉള്ള കഴിവു് ഈ വാശിക്കാരനായ രാജകുമാരന്റെയും അദ്ദേഹത്തിന്റെ പരിത്യക്തയായ പത്നിയുടെയും ലളിതമായ കഥയ്ക്കു് എങ്ങനെ കൈവന്നു? ഈ മഹാത്ഭുതം വ്യാഖ്യാനിക്കുന്നതിൽ ബുൽക്കേ നേടിയ വിജയം പ്രശംസാർഹമാകുന്നു.

രാമായണ പണ്ഡിതനെന്നപോലെ ബുൽക്കേ ഹിന്ദിഭാഷയിലും പ്രാമാണികനായ ഒരു വിദ്വാനാണ്. അദ്ദേഹം രചിച്ച ഇംഗ്ലീഷ്-ഹിന്ദി നിഘണ്ടു അത്തരം നിഘണ്ടുക്കളിൽ മികച്ചുനില്ക്കുന്നു. ശുദ്ധ ഹിന്ദിയിൽ ബൈബിളിന്റെ ഒരു വിവർത്തനം എഴുതിക്കൊണ്ടിരിക്കെയാണ് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞത്. അമ്പതോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. റാഞ്ചിയിൽ സെൻറ് സേവിയേഴ്സ് കോളേജിൽ ഹിന്ദി–സംസ്കൃത വിഭാഗങ്ങളുടെ തലവനായിരുന്ന അദ്ദേഹം, സാഹിത്യ അക്കാദമി, ബിഹാർ രാഷ്ട്രഭാഷാ പരിഷത്ത് മുതലായ സ്ഥാപനങ്ങളിൽ അദ്ദേഹം ഒരു സക്രിയ അംഗമായിരുന്നു. ഹിന്ദിഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സേവനങ്ങളെ ആദരിച്ച് 1974-ൽ ഇന്ത്യാഗവണ്മെൻറ് ബുൽക്കേയ്ക്കു 'പദ്മഭൂഷൺ' എന്ന ബിരുദം നൽകുകയുണ്ടായി.

ഏതാനും വർഷങ്ങൾ മുമ്പ് ദില്ലിയിൽ നടന്ന രാമായണം സംബന്ധിച്ച രണ്ടാമത്തെ അന്താരാഷ്ട്രീയ സമ്മേളനത്തിൽവെച്ചാണ് കാമിൽ ബുൽക്കേയുമായി ഞാൻ പരിചയപ്പെട്ടത്. ഈ സമ്മേളനത്തിന്റെ സൂത്രധാരനായിരുന്നത്, രാമായണപഠനങ്ങളിൽ സവിശേഷ പാണ്ഡിത്യം നേടിയ ഡോ. വി. രാഘവൻ ആയിരുന്നു. 'ഇൻഡോനേഷ്യയിൽ സംസ്കൃതം' എന്ന പ്രശസ്തഗ്രന്ഥം രചിച്ച പ്രൊഫസർ ഗോണ്ഡ ഈ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. രാമായണപഠനത്തിലും ഭാരതീയ വിദ്യാപഠനത്തിലും വ്യാപൃതരായ പാശ്ചാത്യരും പൗരസ്ത്യരുമായ എത്രയോ വിദ്വാന്മാരുടെ സാന്നിദ്ധ്യംകൊണ്ട് സമ്പന്നമായിരുന്ന ഈ സമ്മേളനത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെട്ടതു് ഡോക്ടർ ബുൽക്കേ ആയിരുന്നു എന്നു തോന്നി. ദില്ലിയിലെ കുളിർമയുള്ള പുലരിയിൽ നടക്കാനിറങ്ങിയ തന്നെ ഒരു നായ ഓടിച്ച് കടിച്ച കഥ അവിടെവെച്ച് അദ്ദേഹം എന്നോടു പറഞ്ഞു. 'സാരമില്ല. എന്റെ പാതിരിയുടുപ്പും താടിയും തലയിലെ രോമത്തൊപ്പിയും ദില്ലിക്കാരനായ നായയ്ക്കു രസിച്ചിട്ടുണ്ടാവില്ല' എന്നു ചിരിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു.

രണ്ടു വർഷം കഴിഞ്ഞ്, ഹിന്ദി പ്രചാരസഭകളുടെ കേന്ദ്രസംഘടനയുടെ ഔദാര്യത്താൽ ബിഹാറിൽ രണ്ടാഴ്ച പര്യടനം നടത്താൻ എനിക്കു സൗകര്യം ലഭിച്ചു. തമിഴ് നോവലിസ്റ്റും ജ്ഞാനപീഠ സമ്മാനിതനുമായ ശ്രീ അഖിലൻ, ബംഗാളി നോവലിസ്റ്റ് ശ്രീ ബിമൽമിത്ര എന്നിവരും എന്നോടൊന്നിച്ചുണ്ടായിരുന്നു. ഈ പര്യടനത്തിനിടയ്ക്ക് രണ്ടു ദിവസം ഞങ്ങൾ റാഞ്ചിയിൽ കഴിച്ചുകൂട്ടി. ഈ ദിവസങ്ങളിൽ മിക്ക സമയവും ഡോക്ടർ ബുൽക്കേ ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

ഹിന്ദി അറിയാവുന്നവർ തന്നോട് ഇംഗ്ലീഷിൽ സംസാരിക്കുന്നതു് ബുൽക്കേ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഹിന്ദി സംസാരിക്കുന്നതിനിടയ്ക്കു് ഇംഗ്ലീഷ് വാക്കുകളും ശൈലികളും തിരുകിക്കയറ്റുന്നതിനും അദ്ദേഹം എതിരായിരുന്നു. ഇംഗ്ലീഷിനോട് ഒരുതരം എതിർപ്പുതന്നെ ഈ സാധ്വിനുണ്ടായിരുന്നു. ഇതിന്റെ കാരണമെന്തെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു:

'എന്റെ മാതൃഭാഷ ഫ്ളെമിഷ് ആണ്. ബെൽജിയത്തിൽ ഒരു ന്യൂനപക്ഷ ഭാഷയാണ് ഫ്ളെമിഷ്. ഭൂരിപക്ഷ ഭാഷ സംസാരിക്കുന്ന ഫ്രഞ്ചുകാരിൽനിന്നു് ഫ്ളെമിഷ് ഭാഷ സംസാരിക്കുന്നവർക്കു അറിഞ്ഞും അറിയാതെയും പല അപമാനങ്ങളും നേരിടുന്നുണ്ട്. ഇംഗ്ലീഷ് സംസാരിക്കുന്നവരിൽനിന്നു് ഇന്ത്യൻ ഭാഷകൾ സംസാരിക്കുന്നവർക്കു നേരിടുന്ന അനുഭവങ്ങളും ഏറെക്കുറെ ഇവതന്നെ. അനുഭവങ്ങളിലെ ഈ സാജാത്യമാണ് ഇന്ത്യൻ ഭാഷകളോടുള്ള എന്റെ മനോഭാവം രൂപപ്പെടുത്തിയതു്.'

1950–ൽ ബുൽക്കേ ഇന്ത്യൻപൗരനായിത്തീർന്നു. പിറന്ന ബെൽജിയ

വുമായി ബന്ധം വിച്ഛേദിച്ച് അദ്ദേഹം എന്തുകൊണ്ട് ഈ ദരിദ്രരാജ്യത്തിൻെറ പൗരത്വം സ്വയം വരിച്ചു. ഇതിനും അദ്ദേഹത്തിന് ഉത്തരമുണ്ടായിരുന്നു: 'സാമ്പത്തികമായി ദരിദ്രമെങ്കിലും ആധ്യാത്മികമായി സമ്പന്നമാണ് ഇന്ത്യ. ഇന്ത്യയിലെ സാധാരണ ജനങ്ങളിലുള്ളതുപോലെ വിശുദ്ധവും അകൃത്രിമവുമായ മതബോധം യൂറോപ്പിൽ കാണുക പ്രയാസം. ഇന്ത്യയെ മാതൃഭൂമിയായി വരിച്ചതിൽ എനിക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല; നേട്ടം ഉണ്ടുതാനും.'

ക്രിസ്തുമതം പ്രചരിപ്പിക്കുന്നതാണ് തൻെറ ജീവിതദൗത്യമെന്ന് ബുൽക്കേ വിശ്വസിച്ചിരുന്നു. ഇന്ത്യയിൽ ക്രിസ്തുസന്ദേശം പ്രബോധനം ചെയ്യുന്ന ഒരാൾ ഇന്ത്യയിലെ, ജനകോടികളുടെ ആധ്യാത്മികതയുടെ സജീവ സ്രോതസ്സുകളുമായി ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഈ ബന്ധം സ്ഥാപിക്കുന്നതിന് ബുൽക്കേ തിരഞ്ഞെടുത്ത മാർഗമായിരുന്നു രാമായണ പഠനം. 'ഓരോ തവണയും രാമായണം പാരായണം ചെയ്യുമ്പോൾ എനിക്കു കൂടുതൽകൂടുതൽ വെളിച്ചം കിട്ടുന്നു. ആ വെളിച്ചത്തിൽ ഞാൻ ക്രിസ്തുസന്ദേശം കൂടുതൽ മനസ്സിലാക്കുന്നു,' എന്ന് അദ്ദേഹം എന്നോടു പറഞ്ഞു.

വാർധക്യം അന്നുതന്നെ അദ്ദേഹത്തെ കീഴ്പ്പെടുത്താൻ തുടങ്ങിയിരുന്നു. കേഴ്‌വി കുറവായതിനാൽ അദ്ദേഹം ശ്രവണസഹായി ഉപയോഗിച്ചിരുന്നു. തൻെറ ഇംഗ്ലീഷ്-ഹിന്ദി നിഘണ്ടുവിൻെറ ഒരു സംശോധിത സംസ്കരണം അന്ന് അദ്ദേഹം തയ്യാറാക്കിക്കൊണ്ടിരുന്നു. ബൈബിളിൻെറ വിവർത്തനവും പുരോഗമിച്ചിരുന്നു. 1982 ജൂലൈ മാസത്തിൽ ഈ വിവർത്തനം പൂർത്തിയാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതിനായി അദ്ദേഹം ദിവസേന ഒരു നിശ്ചിത സമയം ജോലി ചെയ്തുവന്നു. ഈ വിവർത്തനത്തിൻെറ ഏതാനും ഭാഗം ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ, തൻെറ അവസാനത്തെ ഈ മഹാപ്രയത്നം പൂർത്തിയാക്കാൻ, മൃത്യു അദ്ദേഹത്തെ അനുവദിച്ചില്ല.

കാമിൽ ബുൽക്കേയുടെ പ്രധാന സംഭാവനയായ 'രാമകഥ'യുടെ മലയാള വിവർത്തനം കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിവർത്തിത ഗ്രന്ഥത്തിലൂടെ, മഹാനായ ഈ മതപ്രബോധകൻെറ പൈതൃകത്തിലൊരംശത്തിന് കേരളീയരും അവകാശികളായിത്തീർന്നിരിക്കുന്നു.

20 സെപ്റ്റംബർ, 1982

# 89. ഡോക്ടർ കെ. ഭാസ്കരൻനായർ

മലയാളം മാത്രം അറിയാവുന്നവർക്ക് ആധുനിക വിജ്ഞാനത്തിൻെറ വിശാല മേഖലകൾ തികച്ചും അപ്രാപ്യങ്ങളായിരുന്ന ഒരു കാലത്താണ്, ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളുടെ ആദ്യ വർഷങ്ങളിൽ, ജീവശാസ്ത്രത്തിൻെറ അടിസ്ഥാന സങ്കല്പനങ്ങൾ പ്രപഞ്ചനം ചെയ്യുന്ന ഡോക്ടർ കെ. ഭാസ്കരൻനായരുടെ പ്രൗഢലേഖനങ്ങൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. വിഷയത്തിൻെറ പുതുമയും, പ്രതിപാദ്യത്തെപ്പററി ലേഖകനുള്ള സർവങ്കഷവും സ്ഫുടവുമായ പരിജ്ഞാനവും, അദ്ദേഹത്തിൻെറ സമുന്നതമായ ഗൗരവബോധവും, സർവോപരി സുഘടിതസുന്ദരവും സമ്പന്നവുമായ ആ ഗദ്യശൈലിയും, എല്ലാം ഒത്തുചേർന്നപ്പോൾ, വായനക്കാരിൽ വളരെ വലിയ ഒരു വിഭാഗം അദ്ദേഹത്തി